I ഇ.ബി. XV - കേരള നിയമസഭ/VIII-2

# പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2023 ഫെബ്രുവരി 1, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചരമോപചാരം

പണാറത്ത് കുഞ്ഞിമുഹമ്മദിന്റെ നിര്യാണം

മുൻ നിയമസഭാംഗമായ പണാറത്ത് കുഞ്ഞിമുഹമ്മദിന്റെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## II. ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ കെ. ബാബു (നെന്മാറ), ഇ. ടി. ടൈസൺ മാസ്റ്റർ, നജീബ് കാന്തപുരം എന്നീ അംഗങ്ങളെ പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം

സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## III. **പ്രസ്താവന**

### ഗവർണറുടെ പ്രസംഗത്തിലെ തിരുത്ത്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 2023 ജനുവരി 23-ാം തീയതി ബഹുമാനപ്പെട്ട ഗവർണർ നടത്തിയ പ്രസംഗത്തിലെ 52-ാം ഖണ്ഡികയിൽ 'An amount of Rs. 22,266.96 Crores has been provided as wages'എന്നത് 'An amount of Rs. 2,266.96 Crores has been provided as wages' എന്ന് തിരുത്തി വായിക്കേണ്ടതാണ്.

## IV. **അറിയിപ്പ്**

### നിയമസഭാംഗങ്ങൾക്ക് ഇ-സിഗ്നേച്ചർ ഏർപ്പെടുത്തൽ

ഇന്നുമുതൽ നിയമസഭാംഗങ്ങളുടെ സിഗ്നേച്ചർ പൂർണ്ണമായും E-signature-ലേയ്ക്ക് മാറിയിരിക്കുകയാണെന്നും ഏതെങ്കിലും സഭാംഗങ്ങൾക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ നിയമസഭാ ജീവനക്കാരുടെ സഹായം തേടാവുന്നതാണെന്നും ബഹു. സ്പീക്കർ അറിയിച്ചു.

## V. അടിയന്തരപ്രമേയം

### വന്യമൃഗങ്ങളുടെ ആക്രമണം

മി. സ്പീക്കർ: സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലം മനുഷ്യജീവനുകൾ നഷ്ടപ്പെടുകയും കൃഷിയും സമ്പത്തും നശിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ സർക്കാർ പരാജയപ്പെട്ട സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): വന്യമൃഗങ്ങളുടെ ആക്രമണംമൂലം മനുഷ്യജീവനും കൃഷിക്കും നാശനഷ്ടമുണ്ടാകുന്നത് പരിഹരിക്കുന്നതിന് ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികൾ വിലയിരുത്താതെ ഇക്കാര്യത്തിൽ ഗവൺമെന്റ് പൂർണ്ണമായി പരാജയപ്പെട്ടു എന്ന നിഗമനത്തിലേയ്ക്കെത്തുന്നത് ശരിയല്ല. നാഷണൽ വൈൽഡ് ലൈഫ് ബോർഡും കേന്ദ്ര വന്യജീവി സംരക്ഷണ നിയമവും അനുശാസിക്കുന്ന രീതിയിൽ മാത്രമേ വനം വകുപ്പിന് നടപടികൾ

സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ജാഗ്രതയോടുകൂടിയ പ്രവർത്തനങ്ങളാണ് വനം വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. പരിമിതികളിൽ നിന്നുകൊണ്ട് വനം വകുപ്പിലെ ജീവനക്കാർ രാപ്പകലില്ലാതെ ആത്മാർത്ഥമായി പ്രവർത്തിച്ചതിനെ അഭിനന്ദിക്കുന്നതിനുപകരം അവരുടെ ആത്മവീര്യത്തെ തകർക്കുന്ന നടപടിയാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ശാശ്വതപരിഹാരം കണ്ടെത്തിയതിനുശേഷം ഈ വിഷയം ചർച്ച ചെയ്യുന്നതാണ് ഉചിതം.

ശ്രീ. സണ്ണി ജോസഫ്: സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണം അനിയന്ത്രിതമായി വർദ്ധിച്ചിരിക്കുകയാണ്. പാലക്കാട്, വയനാട്, ഇടുക്കി, തൃശ്ശൂർ ജില്ലകളിലെ വിവിധ പ്രദേശങ്ങളിൽ വന്യജീവികളുടെ ആക്രമണഭീതിമൂലം ജനങ്ങൾക്ക് പുറത്തിറങ്ങാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഇവയുടെ ആക്രമണത്തിൽ നിരവധി മനുഷ്യജീവനുകളും കൃഷിയുൾപ്പെടെയുള്ള ജീവനോപാധികളും നഷ്ടപ്പെടുന്ന സംഭവങ്ങൾ വ്യാപകമായിരിക്കുകയാണ്. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും കൃഷിനാശത്തിനും യഥാസമയം നഷ്ടപരിഹാരം നൽകണം. ആറളം ഫാമിലെ ആദിവാസികളുടെ സംരക്ഷണത്തിനായി അനുവദിച്ച 22 കോടി രൂപയുടെ പദ്ധതി ആരംഭിക്കാൻ കഴിയാത്തതും

വന്യമൃഗാക്രമണത്തിൽനിന്നും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ സാധിക്കാത്തതും സർക്കാരിന്റെ നിഷ്ക്രിയത്വം വ്യക്തമാക്കുന്നതാണ്. കാട്ടാന, കടുവ, പന്നി ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ആക്രമണം ക്രമാതീതമായി വർദ്ധിച്ചതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

## VI. അറിയിപ്പ്

ജർമൻ-ഇന്ത്യൻ പാർലമെന്ററി ഗ്രൂപ്പിന്റെ സഭാസന്ദർശനം

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമങ്ങൾ വീക്ഷിക്കുന്നതിനായി ഡി.വി. ഗ്യാലറിയിൽ എത്തിയിട്ടുള്ള ജർമ്മൻ-ഇന്ത്യൻ പാർലമെന്ററി ഡെലിഗേഷനെ സഭയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു. സഭ സന്ദർശിക്കുന്നതിന് സമയം കണ്ടെത്തിയ ഡെലിഗേറ്റ്സിന് നന്ദി രേഖപ്പെടുത്തുന്നു.

അടിയന്തരപ്രമേയം - തുടർച്ച

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന പ്രശ്നങ്ങളെ ലഘൂകരിച്ച് കാണാൻ ശ്രമിച്ചിട്ടില്ല. വന്യജീവി ആക്രമണം സംബന്ധിച്ച് പഠനം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന കടുവകളെ

പറമ്പിക്കുളം, പെരിയാർ എന്നീ ടൈഗർ റിസർവ്വുകളിലേയ്ക്ക് മാറ്റാനും വയനാട് ജില്ലയിൽ ടൈഗർ സെൻസസും സംസ്ഥാനത്തൊട്ടാകെ ആനകളുടെ സെൻസസും എടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആനകളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സ്പെഷ്യൽ ആർ.ആർ.ടി.-കളുടെ എണ്ണം വർദ്ധിപ്പിച്ച് വന്യമൃഗശല്യം രൂക്ഷമായ സ്ഥലങ്ങളിൽ വിന്യസിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വന്യമൃഗശല്യത്തിനിടയാക്കുന്ന സാഹചര്യങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് വിദഗ്ദ്ധ സംഘം സമർപ്പിക്കുന്ന റിപ്പോർട്ടിന്മേൽ ചർച്ച നടത്തി ഉചിതമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാവുന്നതാണ്. സർക്കാരിന്റെ ഫലപ്രദമായ ഇടപെടലിലൂടെ കാട്ടുപന്നികളുടെ ആക്രമണം നിയന്ത്രണവിധേയമാക്കാൻ സാധിച്ചിട്ടുണ്ട്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ന്യായമായ അഭിപ്രായങ്ങൾ ഇക്കാര്യത്തിൽ സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്

എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## VII. ശ്രദ്ധക്ഷണിക്കൽ

(1) പരിസ്ഥിതിലോല മേഖലയുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി

ശ്രീ. എം. എം. മണി: വന്യമൃഗസങ്കേതങ്ങൾക്കും ദേശീയപാർക്കുകൾക്കും ചുറ്റുമുള്ള ഒരു കിലോമീറ്റർ പരിധിയെ പരിസ്ഥിതിലോല മേഖലയായി പ്രഖ്യാപിക്കണമെന്ന സുപ്രീംകോടതി വിധിയെത്തുടർന്ന് സംസ്ഥാനത്തെ ജനങ്ങൾക്കിടയിലുണ്ടായിട്ടുള്ള ആശങ്ക ദൂരീകരിക്കണം. ഇതുസംബന്ധിച്ച് ഗവൺമെന്റ് നിലപാട് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഇത്തരത്തിലൊരു നിലപാട് സ്വീകരിച്ചിട്ടുള്ളത് സംസ്ഥാന ഗവൺമെന്റാണെന്ന തെറ്റിദ്ധാരണ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ജനവാസമേഖല/കൃഷിയിടങ്ങൾ/തൊഴിൽമേഖല എന്നിവ ഒഴിവാക്കി-ക്കൊണ്ടുമാത്രമേ ബഫർസോൺ പ്രഖ്യാപിക്കാൻ പാടുള്ളൂ എന്നുള്ളതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. പരിസ്ഥിതിലോല മേഖലയുമായി

ബന്ധപ്പെട്ട സുപ്രീംകോടതി വിധി കേരള സർക്കാരിന്റെ ഏതെങ്കിലും നടപടിയുടെ ഭാഗമായിട്ടുണ്ടായതല്ലെന്ന വസ്തുത മറച്ചുവയ്ക്കാനുള്ള ശ്രമം സംഘടിതമായി നടക്കുന്നുണ്ട്. കോടതി വിധി മാറ്റിക്കിട്ടാനായി സുപ്രീംകോടതിയിൽ കേന്ദ്ര ഗവൺമെന്റ് കൊടുത്ത മോഡിഫിക്കേഷൻ ഹർജിയിൽ സംസ്ഥാന സർക്കാർ കക്ഷി ചേരുകയും കോടതിയിൽ വിചാരണ നടന്നുകൊണ്ടിരിക്കുകയുമാണ്; അതിന്മേൽ ആശ്വാസകരമായ നിലപാടുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിലവിൽ ജനങ്ങൾക്കിടയിലുണ്ടായ ആശങ്കയകറ്റാനാവശ്യമായ നിയമാനുസൃതമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

## (2) ഭക്ഷ്യശുചിത്വവും വിഷരഹിത ആഹാരവും ഉറപ്പാക്കൽ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കെടുകാര്യസ്ഥതയും പിടിപ്പുകേടും കാരണം സംസ്ഥാനത്ത് മരണങ്ങൾ വർദ്ധിച്ചുവരികയാണ്. കോട്ടയത്ത് അൽഫാം കഴിച്ച് ഒരാൾ മരണപ്പെട്ട വാർത്ത വന്നതിനുശേഷമാണ് ഈ രംഗത്ത് ഭക്ഷ്യവകുപ്പും ആരോഗ്യ വകുപ്പും ഉണർന്ന് പ്രവർത്തിക്കാൻ തുടങ്ങിയത്. ആറ് ലക്ഷം സ്ഥാപനങ്ങളാണ് കേരളത്തിൽ ഭക്ഷ്യവിതരണം നടത്തുന്നത്. ഇവയുടെ പ്രവർത്തനം സംബന്ധിച്ച് പരിശോധിക്കേണ്ടത് ഭക്ഷ്യ സുരക്ഷാ വകുപ്പാണെങ്കിലും

സംവിധാനങ്ങളുടെ അപര്യാപ്തതമൂലം കാര്യക്ഷമമായി മുന്നോട്ടുപോകുന്നില്ല. ജില്ലാ കളക്ടറും മെഡിക്കൽ ഓഫീസറും ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരും ചേർന്ന ജില്ലാ കമ്മിറ്റികൾ നടത്തിയിരുന്ന പരിശോധന ഇപ്പോൾ ഭക്ഷ്യ സുരക്ഷാ വകുപ്പ് മാത്രം ചെയ്യണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. 24 മണിക്കൂറും പ്രവർത്തിക്കേണ്ട ക്വിക്ക് റെസ്പോൺസ് സ്ക്വാഡ് നിർജ്ജീവവും ചെക്ക് പോസ്റ്റുകളിലെ പരിശോധനാ സംവിധാനം നാമമാത്രവുമാണ്. എൻ.എ.ബി.എൽ. അംഗീകാരമില്ലാത്ത മൈക്രോബയോളജിക്കൽ ലാബിലെ റിസൽട്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ കോടതിയിൽ നിലനിൽക്കുന്നില്ല. 24 മണിക്കൂറിനകം സാമ്പിളുകളുടെ മൈക്രോബയോളജിക്കൽ അനാലിസിസ് നടത്തണമെന്ന നിയമവ്യവസ്ഥ പാലിക്കപ്പെടുന്നില്ല. പരിശോധനാഫലം ലഭിക്കുന്നതിലുള്ള കാലതാമസം കുറ്റക്കാർ രക്ഷപ്പെടാൻ ഇടയാക്കുന്നുണ്ട്. ഇക്കാര്യങ്ങളിൽ അടിയന്തരമായി നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പൊതുജനാരോഗ്യ സംരക്ഷണത്തിന് ഭക്ഷ്യ സുരക്ഷ ഏറ്റവും പ്രധാനമാണെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നത്. ഈ ഗവൺമെന്റ്

അധികാരത്തിൽ വന്നതിനുശേഷം 140 എഫ്.എസ്.ഒ.-മാരെ നിയമിക്കുകയും 2022 ഡിസംബർ വരെ 55,684 പരിശോധനകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഷവർമ തയ്യാറാക്കുന്നതിനുള്ള മാനദണ്ഡം ഏർപ്പെടുത്തുകയും അത് കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ മൂന്ന് അനലറ്റിക്കൽ ലാബുകൾക്ക് ഇന്റഗ്രേറ്റഡ് അക്രെഡിറ്റേഷൻ ലഭിക്കുകയും മൈക്രോ ബയോളജിക്കൽ ലാബുകൾക്ക് അക്രെഡിറ്റേഷൻ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഫെബ്രുവരി 1 മുതൽ പൊതിഞ്ഞുനൽകുന്ന ഭക്ഷണം എത്ര സമയത്തിനുള്ളിൽ ഉപയോഗിക്കണമെന്ന് രേഖപ്പെടുത്തി നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഫെബ്രുവരി 16 മുതൽ ഹോട്ടൽ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. പഞ്ചായത്തുകളുടെ സഹകരണത്തോടെ എല്ലാ ജീവനക്കാർക്കും ഭക്ഷ്യ സുരക്ഷാ പരിശീലനം നൽകാനും ആരോഗ്യ-തദ്ദേശസ്വയംഭരണ വകുപ്പുകൾ സംയുക്തമായി ഭക്ഷ്യ സുരക്ഷാ പ്രവർത്തനം ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. കാറ്ററിംഗ് സ്ഥാപനങ്ങളുൾപ്പെടെ എല്ലാ ഭക്ഷണശാലകൾക്കും മാനദണ്ഡപ്രകാരമുള്ള ലൈസൻസ്/രജിസ്ട്രേഷൻ നിർബന്ധമാക്കുകയും എൻഫോഴ്സ്മെന്റ് ആക്ടിവിറ്റി ഓൺലൈനാക്കുകയും ചെയ്തിട്ടുണ്ട്. 433 ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ പദ്ധതി

നടപ്പാക്കുകയും ഇരുപത് ആരാധനാലയങ്ങളിൽ Blissful Hygienic Offering to God (BHOG) ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാതല അഡ്വൈസറി കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അവലോകനം നടത്തുന്നുണ്ട്. പ്രോസിക്യൂഷൻ നടപടികളുടെ കൃത്യത ഉറപ്പാക്കുന്നതിന് ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ ഓഫീസിൽ ലാ ഓഫീസറെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## VIII. സബ്മിഷൻ

### (1) ബി. എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ബന്ധപ്പെട്ട പോലീസ് അന്വേഷണം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ബന്ധപ്പെട്ട തട്ടിപ്പുകേസ് അന്വേഷിക്കുന്നതിന് പ്രത്യേക പോലീസ് സംഘത്തെ നിയോഗിക്കുന്നതിനും പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും പ്രതികളുടെ സ്വത്തുവകകൾ കണ്ടുകെട്ടി നിക്ഷേപത്തുക തിരികെ നൽകുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് സഹകരണ സംഘത്തിൽ 92 കോടി 73 ലക്ഷം രൂപയുടെ

തട്ടിപ്പ് നടന്നതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാന ക്രൈംബ്രാഞ്ചിന്റെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തിന് കേസിന്റെ അന്വേഷണം കൈമാറിയിട്ടുള്ളതും ക്രൈംബ്രാഞ്ച് എസ്.പി.-യുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം തുടരന്വേഷണം നടത്തുന്നതുമാണ്. കേസിലെ പ്രതികളുടെ വസ്തുവകകളുടെ ക്രയവിക്രയം തടയണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട അധികാരികൾക്കും കോടതിക്കും റിപ്പോർട്ട് നൽകുകയും ദേശസാത്കൃത ബാങ്കുകളിലും സഹകരണ ബാങ്കുകളിലും പ്രതികളുടെ പേരിലുള്ള അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിന് ബാങ്കുകളോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ക്രമക്കേടിലൂടെ അപഹരിച്ച തുക ഈടാക്കുന്നതിനായി സംഘം പ്രസിഡന്റ്, ജീവനക്കാരൻ, ഭരണസമിതി അംഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ മുഴുവൻ സ്ഥാവര വസ്തുക്കളും കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ക്രമക്കേട് നടത്തിയവരുടെ വസ്തുവകകളിൽ നിന്നും തുക ഈടാക്കി നിക്ഷേപകർക്ക് നൽകുന്നതിനുള്ള നടപടികൾ സഹകരണ വകുപ്പ് സ്വീകരിച്ചുവരുന്നു.

## (2) പത്തിരിപ്പാലയിൽ ഫീഡർ സ്റ്റേഷൻ സ്ഥാപിക്കൽ

ശ്രീമതി ശാന്തകുമാരി കെ.: പത്തിരിപ്പാലയിൽ ഫീഡർ സ്റ്റേഷനോ കവേഡ് കണ്ടക്ടറോ സ്ഥാപിച്ച് മണ്ണൂർ, പത്തിരിപ്പാല തുടങ്ങിയ

പ്രദേശങ്ങളിൽ വൈദ്യുതി വിതരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ശ്രീകൃഷ്ണപുരം സെക്ഷനിലെ 33KV സബ്സ്റ്റേഷൻ ഫീഡർ തകരാറിലാകുന്ന സാഹചര്യത്തിൽ 11 KV മണ്ണൂർ ഫീഡറിൽനിന്നും ശ്രീകൃഷ്ണപുരം സെക്ഷനിലേയ്ക്ക് സപ്ലൈ എടുക്കുമ്പോൾ ഫീഡർ ഓവർലോഡ് ആകുന്നതുകാരണം വൈദ്യുതി തടസ്സമുണ്ടാകുന്നുണ്ട്. അമ്പലപ്പാറ സെക്ഷന് മാത്രമായി 11 KV ഫീഡർ നിർമ്മിക്കുന്ന പ്രവൃത്തിയും പത്തിരിപ്പാല സബ് സ്റ്റേഷനിൽനിന്ന് കോട്ടക്കുന്ന് വരെ അഞ്ച് കി.മീറ്റർ അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തിയും ഫീഡറിലെ വൈദ്യുതി തടസ്സം കുറയ്ക്കുന്നതിന് കോട്ടക്കുന്ന് മുതൽ പീച്ചേരിക്കാട് വരെ രണ്ട് കി.മീറ്റർ കവേഡ് കണ്ടക്ടർ ഉപയോഗിച്ച് ലൈൻ നിർമ്മിക്കുന്ന പ്രവൃത്തിയും മോഡണൈസേഷൻ വർക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(3) പട്ടയ ഭൂമിയിലെ നിയമാനുസൃത മരം മുറിക്കൽ

ശ്രീ. കെ. യു. ജനീഷ് കുമാർ: പട്ടയ ഭൂമിയിലെ സംരക്ഷിത മരത്തിലുൾപ്പെടാത്ത മരങ്ങൾ മുറിക്കുന്നതിനുള്ള തടസ്സം നീക്കുന്നതിന് നടപടി സ്വീകരിക്കണം.

വനം - വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): മുട്ടിൽ മരംമുറി കേസിലെ അവ്യക്തത നീക്കാനായി വനം, നിയമം, റവന്യൂ വകുപ്പുകളുമായി കൂടിയാലോചിച്ച് ഒരു പ്രൊപ്പോസൽ സമർപ്പിക്കാൻ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച ഉത്തരവ് എത്രയുംവേഗം പുറപ്പെടുവിക്കാനാവശ്യമായ നടപടി റവന്യൂ വകുപ്പ് സ്വീകരിക്കുന്നതാണ്. നിയമപരമായി മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നുവെന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

(4) കണ്ണൂർ റെയിൽവെ സ്റ്റേഷൻ പരിസരത്തെ ഭൂമി കൈമാറ്റം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: കണ്ണൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തെ റെയിൽവേയുടെ ഉടമസ്ഥതയിലുള്ള ഭൂമി സ്വകാര്യകമ്പനിക്ക് 45 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകിയിട്ടുള്ളതിനാൽ പ്ലാറ്റ്ഫോം നിർമ്മാണം ഉൾപ്പെടെയുള്ള കണ്ണൂർ റെയിൽവേ സ്റ്റേഷന്റെ വികസനം തടസ്സപ്പെടുമെന്നതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ അടിയന്തരമായി ഇടപെടണം.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): കണ്ണൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തെ

റെയിൽവേയുടെ ഉടമസ്ഥതയിലുള്ള ഭൂമി 45 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകാൻ തീരുമാനിച്ചതായി അറിയാൻ സാധിച്ചിട്ടുണ്ട്. കണ്ണൂർ റെയിൽവേ സ്റ്റേഷന്റെ ഭാവി വികസനത്തിന് ഇത് തടസ്സമാകുമോ എന്നത് സംബന്ധിച്ച് അന്വേഷിച്ച് ആവശ്യമായ ഇടപെടൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നതാണ്.

(5) വയോജന കമ്മീഷൻ

ശ്രീ. എം. രാജഗോപാലൻ: സംസ്ഥാനത്ത് ജുഡീഷ്യൽ അധികാരമുള്ള ഒരു വയോജന കമ്മീഷൻ രൂപീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): വയോജന ക്ഷേമത്തിനായി മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനും അവരുടെ കഴിവുകൾ പൊതുസമൂഹത്തിന് ഉപയുക്തമാക്കുന്നതിനും വയോജനസംരക്ഷണത്തിനുള്ള നിയമങ്ങളിലോ ഉത്തരവുകളിലോ ഉള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച പരിശോധന നടത്തുന്നതിനുമായി സർക്കാരിന്റെ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിന് വയോജന കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്.

## (6) പഴയകടയിൽ മേൽപ്പാലം നിർമ്മാണം

ശ്രീ. കെ. ആൻസലൻ: നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ കഴക്കൂട്ടം-കാരോട് ബൈപ്പാസിലെ പഴയകടയിൽ മേൽപ്പാലം നിർമ്മിക്കാൻ എൻ.എച്ച്.എ.ഐ.-യുമായി സർക്കാർതലത്തിൽ അടിയന്തര ഇടപെടൽ നടത്തണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പഴയകട-മാവിളക്കടവ് ജംഗ്ഷന് സമീപം വെഹിക്കുലർ ഓവർ പാസ്സും അണ്ടർ പാസ്സും നിർമ്മിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണഘട്ടത്തിൽ change of scope proposal-കൾ പരിഗണിക്കാനാവില്ലെന്നും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് കാലയളവിൽ സാങ്കേതിക സാധ്യത പരിശോധിച്ച് മേൽപ്പാല നിർമ്മാണം പരിഗണിക്കാമെന്നും എൻ.എച്ച്.എ.ഐ. അറിയിച്ചിട്ടുണ്ട്. കേരളത്തിലുടനീളം നിലനിൽക്കുന്ന പ്രശ്നം പരിഹരിക്കുന്നതിനായി എൻ.എച്ച്.എ.ഐ.-യും പൊതുമരാമത്ത് വകുപ്പും ചേർന്ന് പ്രതിമാസ അവലോകന യോഗങ്ങൾ നടത്തുന്നതിനുപുറമെ ദേശീയപാത പ്രവൃത്തി നടക്കുന്ന 9 ജില്ലകളിലെയും ഓരോ നിയമസഭാ മണ്ഡലം കേന്ദ്രീകരിച്ചുകൊണ്ട് എൻ.എച്ച്.എ.ഐ.-പൊതുമരാമത്ത് വകുപ്പുദ്യോഗസ്ഥർ, എം.എൽ.എ.-മാർ എന്നിവർ പങ്കെടുക്കുന്ന യോഗങ്ങൾ

സംഘടിപ്പിക്കുകയും അതത് ജില്ലകളിലെ ജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരായുന്നതിനുള്ള ഇടപെടൽ നടത്തുകയും ചെയ്യുന്നുണ്ട്.

### (7) ഊട്ടറ പാലത്തിന്റെ നിർമ്മാണം

ശ്രീ. കെ. ബാബു (നെന്മാറ): നെന്മാറ മണ്ഡലത്തിലെ കൊല്ലങ്കോട് ഊട്ടറ പാലത്തിന്റെയും റെയിൽവേ മേൽപ്പാലത്തിന്റെയും പ്രവൃത്തി അടിയന്തരമായി ആരംഭിക്കാനും യാത്രാക്ലേശത്തിന് ശാശ്വതപരിഹാരം കാണാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ഊട്ടറ പാലത്തിന്റെ രണ്ടാമത്തെ സ്പാനിലുണ്ടായ അപകടാവസ്ഥ പരിഹരിക്കുന്നതിന് ചീഫ് എഞ്ചിനീയർ (പാലങ്ങൾ) പ്രദേശം സന്ദർശിച്ച് പ്രവർത്തനങ്ങൾ വേഗത്തിലാക്കിയിട്ടുണ്ട്. അടിയന്തര അറ്റകുറ്റപ്പണിക്കായി 50 ലക്ഷം രൂപ അനുവദിച്ച് പ്രവൃത്തി നടന്നുവരികയാണ്. ടി പ്രവൃത്തി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി ചുമതലപ്പെടുത്തുകയും സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കുകയും ഡിസൈൻ ചെയ്യുന്നതിനായി കൺസൽട്ടന്റായ മെസ്സേഴ്സ് റൈറ്റ്സിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## (8) ഈസ്റ്റ് ഒറ്റപ്പാലം പാലം നിർമ്മാണം

ശ്രീ. കെ. പ്രേംകുമാർ: പാലക്കാട് നിയോജകമണ്ഡലത്തിലെ ഈസ്റ്റ് ഒറ്റപ്പാലം പാലം നിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ഈസ്റ്റ് ഒറ്റപ്പാലം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് അലൈൻമെന്റ് ഫിക്സ് ചെയ്യാൻ തടസ്സമുണ്ടായതിനാൽ സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ നിർദ്ദേശാനുസരണം എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. ടി പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (9) തമ്മനം-പുല്ലേപ്പടി റോഡ് നിർമ്മാണം

ശ്രീ. ടി. ജെ. വിനോദ്: തമ്മനം-പുല്ലേപ്പടി റോഡ് നിർമ്മാണത്തിലെ അലൈൻമെന്റ് തർക്കം പരിഹരിച്ച് അടിയന്തരമായി പൂർത്തീകരിക്കാനും യാത്രാക്ലേശം പരിഹരിക്കാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): തമ്മനം - പുല്ലേപ്പടി റോഡ് വികസനത്തിനായി തയ്യാറാക്കിയ

169.89 കോടി രൂപയുടെ പദ്ധതിരേഖ കിഫ്ബിയുടെ പരിഗണനയിലാണ്. കിഫ്ബി മാനദണ്ഡപ്രകാരം 22 മീറ്റർ വീതിയിലാണ് റോഡിന്റെ ഡിസൈൻ തയ്യാറാക്കിയിരിക്കുന്നത്. ഡി.പി.ആർ. അനുസരിച്ച് അതിർത്തിക്കല്ലിടുന്ന പ്രവൃത്തി ആരംഭിച്ചപ്പോൾ ജനങ്ങൾ തടസ്സവാദമുന്നയിച്ചതിനാൽ പ്രവൃത്തി താല്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. മുമ്പ് കോർപ്പറേഷൻ ഏറ്റെടുത്ത ഭൂമി ഈ പദ്ധതിക്കായി എങ്ങനെ ഉപയോഗിക്കാമെന്ന് പരിശോധിക്കുകയും കെ.ആർ.എഫ്.ബി. ഉദ്യോഗസ്ഥർക്കും ഡിസൈൻ വിഭാഗത്തിനും റോഡ് നിർമ്മാണത്തിനായി പ്രത്യേക നിർദ്ദേശം നൽകുകയും ചെയ്യുന്നതാണ്.

### (10) <u>കൽപ്പറ്റ ജനറൽ ആശുപത്രി സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തൽ</u>

<u>ശ്രീ. ടി. സിദ്ദിഖ്</u>: വയനാട് ജില്ലയിലെ കൽപ്പറ്റ ജനറൽ ആശുപത്രി സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനും ഡോക്ടർമാരുൾപ്പെടെയുള്ള ജീവനക്കാരെ നിയമിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): 2005-ൽ ജനറൽ ആശുപത്രിയായി ഉയർത്തിയ കൽപ്പറ്റ ജില്ല ആശുപത്രിയിൽ വിവിധ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്. 129

സ്ഥിരം ജീവനക്കാരും 83 താൽക്കാലിക ജീവനക്കാരും ഇവിടെ സേവനമനുഷ്ഠിക്കുന്നുണ്ട്. 33 ഡോക്ടർമാരുടെ അംഗീകൃത തസ്തികകളുൾപ്പെടെ 4 ഡോക്ടർമാരെ ദേശീയ ആരോഗ്യ ദൗത്യം മുഖേന അധികമായി നിയമിക്കുകയും സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, ക്ലാർക്ക് വിഭാഗങ്ങളിലായി 6 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടുകൂടി ഒ.പി., കാഷ്വാലിറ്റി ആൻഡ് ഡയഗ്നോസിസ് സെന്റർ എന്നിവയുടെ നിർമ്മാണത്തിന് 9.6 കോടി രൂപയുടെ ഭരണാനുമതി നൽകി തുടർനടപടികൾ പുരോഗമിക്കുകയാണ്. കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ട്രോമ കെയറും അനുബന്ധ യൂണിറ്റും പ്രവർത്തനസജ്ജമാക്കാൻ സാധിക്കും. പീഡിയാട്രിക് ഐ.സി.യു.-ന്റെയും എൻ.സി.ഡി. ക്ലിനിക്കിന്റെയും നവീകരണ പ്രവൃത്തി പൂർത്തിയാക്കുകയും ഓക്സിജൻ ജനറേറ്റർ സിസ്റ്റം സ്ഥാപിക്കുകയും ചെയ്തു. 15 ലക്ഷം രൂപ വിനിയോഗിച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുകയാണ്. ദേശീയ ആരോഗ്യ ദൗത്യം വഴി 15 കോടി രൂപ വിനിയോഗിച്ച് എസ്.ടി.പി. നിർമ്മാണത്തിനുള്ള നടപടികൾ നടക്കുന്നുണ്ട്.

## IX. മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള

കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## X. **റിപ്പോർട്ടുകളുടെ സമർപ്പണം**

1. പൊതുമേഖലാസ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ അഞ്ച് മുതൽ എട്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

2. ഹർജികൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

## XI. ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. എ. സി. മൊയ്തീൻ: " 2023 ജനവരി 23-ാം തീയതി ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പ്രമേയത്തെ പിന്താങ്ങുന്നു.

(സർവ്വശ്രീ മോൻസ് ജോസഫ്, പി. കെ. ബഷീർ, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, പി. അബ്ദുൽ ഹമീദ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, സജീവ് ജോസഫ്, ഷാഫി പറമ്പിൽ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ടി. ജെ. വിനോദ്, സണ്ണി ജോസഫ്, കെ. ബാബു തൃപ്പൂണിത്തുറ, സനീഷ്കുമാർ ജോസഫ്,

എൽദോസ് പി. കുന്നപ്പിള്ളിൽ, അൻവർ സാദത്ത്, എം. വിൻസെന്റ്, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു.)

ശ്രീ. എ. സി. മൊയ്തീൻ: നവകേരള സൃഷ്ടിക്കായുള്ള നയങ്ങളാണ് ഗവർണറുടെ നയപ്രഖ്യാപനത്തിൽ പ്രതിഫലിക്കുന്നത്. പ്രകൃതി ദുരന്തങ്ങളും മഹാമാരി ഏൽപ്പിച്ച ആഘാതവും കേന്ദ്ര സർക്കാരിന്റെ അവഗണനയും അതിന്റെ ഭാഗമായ സാമ്പത്തിക പ്രതിസന്ധിയും അതിജീവിച്ചാണ് പിണറായി സർക്കാർ മുന്നോട്ടുപോയത്. എം.എസ്.എം.ഇ. മേഖലയിൽ രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസ് പദ്ധതിയായി സംസ്ഥാനത്തിന്റെ 'സംരംഭക വർഷം' പദ്ധതിക്ക് അംഗീകാരം ലഭിച്ചതും നീതി ആയോഗിന്റെ സാമ്പത്തിക സർവ്വേ റിപ്പോർട്ടിൽ 75 പോയിന്റോടെ ഒന്നാമതായതും അഭിമാനാർഹമാണ്. ദാരിദ്ര്യനിർമ്മാർജ്ജനം നടപ്പിലാക്കാനായതും വിശപ്പുരഹിത സംസ്ഥാനങ്ങളുടെ പട്ടികയിലും ആരോഗ്യ-വിദ്യാഭ്യാസ-ലിംഗസമത്വ മേഖലയിലും സത്ഭരണ സൂചികയിലും ഒന്നാമതായതും ശിശു മരണനിരക്ക് കുറയ്ക്കാനായതും പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ മികച്ച ഭരണം കാഴ്ചവയ്ക്കാനായതും ശ്ലാഘനീയമാണ്. ആരോഗ്യരംഗത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയതിനുൾപ്പെടെ നിരവധി പുരസ്കാരങ്ങൾ

നേടാനായത് സർക്കാരിന്റെ നേട്ടമാണ്. ടൂറിസം രംഗത്ത് നിരവധി പുരസ്കാരങ്ങൾ നേടാനായതും മത്സ്യഫെഡിന് 'നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ഗ്രാന്റ് ' ലഭിച്ചതും 'വയോശ്രേഷ്ഠ പുരസ്കാരം' ലഭ്യമായതും എടുത്തുപറയേണ്ട നേട്ടങ്ങളാണ്. കാർഷിക-ക്ഷീരവികസന മേഖലകളിലും വ്യവസായ രംഗത്തും മികച്ച പ്രവർത്തനങ്ങൾ കാഴ്ച്ചവയ്ക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന നിലപാടാണ് കേരളം സ്വീകരിച്ചിട്ടുള്ളത്. 50 കോടി രൂപവരെ നിക്ഷേപമുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഏഴ് ദിവസത്തിനകം ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന സംരംഭക വർഷം പദ്ധതി കേരളത്തിൽ മാതൃകാപരമായി നടപ്പാക്കി. വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 9000 കോടി രൂപയുടെ നിക്ഷേപം നടത്തുന്നതിലൂടെ ഉല്പാദന വർദ്ധനവിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യം വയ്ക്കുന്നുണ്ട്. പ്രതിസന്ധിയിലായ പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണത്തിന് അനുകൂലമായ നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. എല്ലാ മേഖലയിലും ഡിജിറ്റൽ സംവിധാനം ഒരുക്കാനുള്ള സാങ്കേതിക മികവ് കേരളം നേടിയെടുത്തിട്ടുണ്ട്. കെ-ഫോൺ

പദ്ധതി നടപ്പാക്കുന്നതിനും ഐ.ടി., ടൂറിസം മേഖലകളിൽ വളർച്ച കൈവരിക്കുന്നതിനും സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. സ്റ്റാർട്ടപ്പുകൾക്ക് അനുകൂലമായ നിലപാടാണ് കേരളം സ്വീകരിച്ചുവരുന്നത്. തൃശ്ശൂരിലെ സുവോളജിക്കൽ പാർക്കിന്റെ ഒന്നാംഘട്ടം പൂർത്തിയാക്കാനും വൈദ്യുതി മേഖലയിൽ ഉല്പാദന-വിതരണരംഗത്ത് വലിയ മാറ്റങ്ങൾ കൊണ്ടുവരാനും ദേശീയപാതാ വികസനത്തിന് ആവശ്യമായ ഇടപെടൽ നടത്താനും ഗെയിൽ പൈപ്പ്‌ലൈൻ പൂർത്തിയാക്കാനും ഗുണനിലവാരമുള്ള റോഡുകൾ പണിയാനും കേരളത്തിന് സാധിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 13500 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വിഴിഞ്ഞം പദ്ധതി പ്രാവർത്തികമാക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഇന്ത്യയുടെ ഭരണഘടനയെത്തന്നെ അട്ടിമറിക്കുന്ന അവസ്ഥയാണ് രാജ്യത്ത് നിലനിൽക്കുന്നത്. രാജ്യത്തിന് മാതൃകയായ ഒട്ടനവധി നിയമനിർമ്മാണങ്ങൾ കേരളം നടത്തിയിട്ടുണ്ട്. സംസ്ഥാനത്തിന് കിട്ടേണ്ട കേന്ദ്ര വിഹിതം വെട്ടിക്കുറയ്ക്കുക, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതവും ഗ്രാന്റുകളും നൽകാതിരിക്കുക തുടങ്ങിയവയിലൂടെ കേരളത്തിന്റെ ക്ഷേമ വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന നിലപാടാണ് കേന്ദ്ര

സർക്കാർ സ്വീകരിച്ചുവരുന്നത്. കിഫ്ബി മുഖേന ധാരാളം അടിസ്ഥാന വികസന പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. യുവജനങ്ങൾക്കുവേണ്ടി ഡിജിറ്റൽ സാങ്കേതികവിദ്യ, ശാസ്ത്രബോധം, ഉത്പാദനത്തിന്റെ പുതിയതലങ്ങൾ, മാന്യമായ തൊഴിൽ സൃഷ്ടിക്കൽ, സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും സാമൂഹ്യ സുരക്ഷ പ്രദാനം ചെയ്യൽ എന്നിവയ്ക്കെല്ലാം നയപ്രഖ്യാപനത്തിൽ ഊന്നൽ നൽകുന്നുണ്ട്. അർഹതപ്പെട്ടവർക്കെല്ലാം വീട് നൽകാനും അതിദുർബല ജനവിഭാഗങ്ങളുടെ സമഗ്ര വികസനത്തിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കാനും അഞ്ചുവർഷംകൊണ്ട് ഇരുപത് ലക്ഷംപേർക്ക് തൊഴിൽ കൊടുക്കാനാവശ്യമായ പദ്ധതി ആവിഷ്കരിക്കാനും നയപ്രഖ്യാപനത്തിൽ ലക്ഷ്യമിടുന്നുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിലും ആരോഗ്യരംഗത്തും വന്നിട്ടുള്ള മാറ്റങ്ങൾ ശ്രദ്ധേയമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. നികുതിവരുമാന വളർച്ചയിൽ കേരളത്തിന്റെ സ്ഥാനം പതിനെട്ടാണ്. കേരളം നികുതി പിരിവിൽ ഏറ്റവും പിന്നിലും റവന്യൂ ചെലവിൽ മുന്നിലുമാണ്. കോടിക്കണക്കിന് രൂപ വായ്പയെടുത്ത് കടബാധ്യതയുണ്ടാക്കിയത് ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയെയാണ്

സൂചിപ്പിക്കുന്നത്. ലഹരി ഉപയോഗിക്കുന്നവരുടെ എണ്ണം സംസ്ഥാനത്ത് ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കാർഷിക-വ്യാവസായിക മേഖലകളുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതികളാവിഷ്കരിച്ചതും ഒരുലക്ഷത്തിലധികം പുതിയ സംരംഭങ്ങൾ ആരംഭിക്കാനായതും ആരോഗ്യ-വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിച്ചതും ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതിയ കോഴ്സുകൾ ആരംഭിക്കാനായതും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനായതും അർഹരായ മുഴുവൻപേർക്കും മുൻഗണനാ കാർഡുകൾ നൽകാനായതും കൈവശഭൂമിക്ക് പട്ടയം വിതരണം ചെയ്യാനായതും സർക്കാരിന്റെ ഇച്ഛാശക്തി വ്യക്തമാക്കുന്നതാണ്. അഞ്ച് വർഷംകൊണ്ട് 20 ലക്ഷം തൊഴിലുകൾ സൃഷ്ടിക്കുന്നതിന് 'കേരള നോളജ് മിഷൻ' പദ്ധതി ആവിഷ്കരിച്ചത് സ്വാഗതാർഹമാണ്. ശിശു-മാതൃ മരണ നിരക്ക് കുറയ്ക്കാനായതും ലിംഗാനുപാതം ഉറപ്പാക്കാനായതും ദേശീയതലത്തിൽ നിരവധി പുരസ്കാരങ്ങൾ നേടാനായതും ആരോഗ്യമേഖലയുടെ പ്രവർത്തനമികവ് വ്യക്തമാക്കുന്നതാണ്. സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് വികസനപ്രവർത്തനങ്ങളുമായി

മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. നയപ്രഖ്യാപന പ്രസംഗത്തിൽ പുതിയ പദ്ധതികൾ പ്രഖ്യാപിക്കാൻ സാധിക്കാത്തവിധം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വഷളായിരിക്കുകയാണ്. പൊതുകടം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും ധൂർത്ത് നിയന്ത്രിക്കാൻ സാധിക്കുന്നില്ല. കേരളത്തിന്റെ വികസനത്തിനുതകുന്ന യാതൊരു പദ്ധതിയും നയപ്രഖ്യാപന പ്രസംഗത്തിലില്ല. സമസ്ത മേഖലകളും വികസന മുരടിപ്പിലാണ്. വന്യജീവി ആക്രമണത്തിനെതിരെ വനം വകുപ്പ് ജാഗ്രതയോടുകൂടി പ്രവർത്തിക്കണം.

<u>ശ്രീ. ജോബ് മൈക്കിൾ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കുട്ടികളെയും പൊതുജനങ്ങളെയും ഭാഗഭാക്കാക്കി തദ്ദേശസ്വയംഭരണ-പൊതുമേഖലാ സ്ഥാപനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ലഹരിക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ സാധിച്ചത് അഭിനന്ദനാർഹമാണ്. ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ രാഷ്ട്രീയ, ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും പങ്കാളികളാകണം. കിഫ്ബിയിലൂടെ കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. മെഡിസെപ് പദ്ധതി നടപ്പാക്കിയത്

സർക്കാരിന്റെ ഇച്ഛാശക്തിയാണ് കാണിക്കുന്നത്. റേഷൻ കടകളിലൂടെ കുറ്റമറ്റ രീതിയിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുകയും ബി.പി.എൽ. ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്ത സർക്കാരിനെ അഭിനന്ദിക്കുന്നു. ശുദ്ധജലം ഉറപ്പാക്കാനുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ തയ്യാറാകണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. നയപ്രഖ്യാപന പ്രസംഗം വെറും പ്രഖ്യാപനങ്ങളിൽ മാത്രമായി ഒതുങ്ങുകയാണ്. വികസന മുരടിപ്പും ഭരണസ്തംഭനവുമാണ് നിലനിൽക്കുന്നത്. കോവിഡ് കാലഘട്ടത്തിൽ റേഷൻ കടകൾവഴി അരി നൽകിയ ഇനത്തിലുള്ള കമ്മീഷൻ നൽകുന്നതിന് നടപടി സ്വീകരിക്കണം. കർഷകർക്കുവേണ്ടിയുള്ള പദ്ധതികളൊന്നും നയപ്രഖ്യാപന പ്രസംഗത്തിലുൾപ്പെടുത്തിയിട്ടില്ല. കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള പദ്ധതികളാവിഷ്കരിക്കണം. റബ്ബറിന്റെ താങ്ങുവില 250 രൂപയായി വർദ്ധിപ്പിക്കുമെന്ന പ്രകടനപത്രികയിലെ വാഗ്ദാനം പാലിക്കാൻ തയ്യാറാകണം. കർഷകരെ ബാധിക്കുന്ന ഇൻഡോ-പസഫിക് കരാറിനെതിരെ ഒറ്റക്കെട്ടായി നിലകൊള്ളണം. നെൽ, നാളികേര

കർഷകരെ സഹായിക്കുന്നതിനുള്ള നടപടികൾ നയപ്രഖ്യാപനത്തിൽ പ്രതിപാദിക്കാത്തത് ഖേദകരമാണ്. ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ട് ശുദ്ധിപത്രം പുറപ്പെടുവിക്കേണ്ട സാഹചര്യമുണ്ടായത് സർക്കാരിന്റെ നിരുത്തരവാദപരമായ പ്രവർത്തനത്തെയാണ് ചൂണ്ടിക്കാണിക്കുന്നത്. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയാത്ത ഗവൺമെന്റ് രണ്ട് ലക്ഷം കോടി രൂപയിലധികം ചെലവുവരുന്ന കെ-റെയിൽ പദ്ധതി നടപ്പാക്കുമെന്ന് പറയുന്നത് ജനങ്ങളോടുള്ള വെല്ലുവിളിയാണ്.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമഗ്ര പുരോഗതിയുടെയും രജതരേഖയാണ് നയപ്രഖ്യാപന പ്രസംഗം. വികസന മുന്നേറ്റങ്ങൾക്ക് അർഹതപ്പെട്ട ജി.എസ്.ടി. വിഹിതം നൽകാൻ കേന്ദ്രം തയ്യാറാകാത്തതും പ്രളയസമയത്ത് സംസ്ഥാനത്തിന് അനുവദിച്ച ഭക്ഷ്യധാന്യങ്ങൾക്കുള്ള പണം തിരിച്ചുവാങ്ങിയ നടപടിയും ഖേദകരമാണ്. അഞ്ച് വർഷത്തിനുള്ളിൽ ഇരുപത് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും തൊഴിൽക്ഷമത വർദ്ധിപ്പിക്കാനും സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. 2022-ൽ വിദ്യാഭ്യാസ/ ആരോഗ്യ മേഖലകളിലും

ക്രമസമാധന പരിപാലനത്തിലുമെല്ലാം ഇന്ത്യ ഒന്നാം സ്ഥാനത്താണ്. പൊതുവിദ്യാലയങ്ങളിൽ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കാനും വ്യാവസായിക രംഗത്ത് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിച്ച് സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കാനും ലക്ഷ്യമിടുന്നുണ്ട്. സാമൂഹ്യ സുരക്ഷ, സാമ്പത്തിക വളർച്ച, ദുർബലവിഭാഗങ്ങളെ സഹായിക്കൽ, ലൈഫ് പദ്ധതിയിലൂടെ വീട് വച്ചുകൊടുക്കൽ തുടങ്ങിയ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി നിരവധി പദ്ധതികളിലൂടെ ജനങ്ങൾക്ക് ആശ്വാസം നൽകുന്ന സംസ്ഥാന സർക്കാരിനെതിരെ കേന്ദ്രം രാഷ്ട്രീയ വൈരാഗ്യത്തിന്റെ പേരിൽ നിലപാടുകൾ സ്വീകരിക്കുമ്പോൾ അതിനെ ഒറ്റക്കെട്ടായി പ്രതിരോധിക്കണം.

ശ്രീ. വി. കെ. പ്രശാന്ത് : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ആധുനിക വികസിത കേരളത്തിന്റെ പ്രയാണത്തിൽ നാഴികക്കല്ലാകുന്ന നയപ്രഖ്യാപനമാണ് ഇവിടെ അവതരിപ്പിച്ചത്. ഫെഡറലിസത്തെ തകർത്തുകൊണ്ട് സംസ്ഥാനത്തെ ശ്വാസംമുട്ടിക്കുന്ന കേന്ദ്ര നിലപാടിനെ ഒറ്റക്കെട്ടായി പ്രതിരോധിക്കേണ്ടത് അനിവാര്യമാണ്. സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതത്തിലെ പകുതിയോളം പണം കൃത്യമായി ചെലവഴിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മികച്ച

പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചതിന്റെ ഫലമായി പത്ത് ലക്ഷത്തോളം കുട്ടികൾ പൊതുവിദ്യാലയങ്ങളിലേയ്ക്ക് കടന്നുവന്നതും വ്യവസായ സ്ഥാപനങ്ങൾ ലാഭകരമാക്കിയതും കിഫ്ബിവഴി വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കിയതും സർക്കാരിന്റെ നേട്ടങ്ങളാണ്. ഭവനനിർമ്മാണം, അടിസ്ഥാന സൗകര്യ വികസനം, ആരോഗ്യസേവനം തുടങ്ങി വിവിധ മേഖലകളിൽ കേരളം ഇന്ന് ലോകത്തിന് മാതൃകയാണ്. സംസ്ഥാനത്തെ ശിശു-മാതൃ മരണനിരക്ക് യൂറോപ്യൻ നിലവാരത്തിലെത്തിക്കാൻ കൂട്ടായ പരിശ്രമത്തിലൂടെ സാധിച്ചിട്ടുണ്ട്. കേരളത്തെ ദരിദ്രരില്ലാത്ത സംസ്ഥാനമായി മാറ്റാനുള്ള ശ്രമങ്ങളാണ് ഗവൺമെന്റ് നടത്തിവരുന്നത്. പട്ടയ മിഷൻ നടപ്പിലാക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. 900 സർക്കാർ സേവനങ്ങൾ ഡിജിറ്റലാക്കാനും സർക്കാർ ഐ.ടി. പാർക്കുകളിൽ പുതിയ കമ്പനികളെ എത്തിച്ച് 2993 കോടി രൂപയുടെ വരുമാന വളർച്ചയുണ്ടാക്കാനും വ്യവസായ സൗഹൃദ റാങ്കിംഗിൽ മുന്നേറ്റമുണ്ടാക്കാനും ഇക്കാലയളവിൽ സാധിച്ചിട്ടുണ്ട്.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സർക്കാരിന്റെ മികച്ച പ്രവർത്തനത്തിന്റെ ഫലമായി ആരോഗ്യ-വനിത-ശിശു

വികസന രംഗത്തുൾപ്പെടെ ദേശീയ-അന്തർദേശീയ പുരസ്കാരങ്ങൾ നേടാൻ സാധിച്ചിട്ടുണ്ട്. 52 ലോകരാജ്യങ്ങൾക്കൊപ്പം ടൂറിസം ഭൂപടത്തിൽ ഇടംനേടാൻ കേരളത്തിനായത് അഭിമാനകരമാണ്. റീ-സർവ്വേ നടപടികൾ ഡിജിറ്റലൈസ് ചെയ്യാനുള്ള തീരുമാനം സ്വാഗതാർഹമാണ്. സംരംഭക വർഷത്തിൽ ഒന്നര ലക്ഷം സംരംഭകരിലൂടെ 2.63 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. കാർഷികോല്പന്നങ്ങൾക്ക് ഏറ്റവും കൂടുതൽ താങ്ങുവില നൽകുന്ന സംസ്ഥാനമാണ് കേരളം. പട്ടിജാതി-പട്ടികവർഗ്ഗ മേഖലയിലെ കുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പ് ഏർപ്പെടുത്തിയതും 'പുനർഗേഹം' പദ്ധതിയിലൂടെ 4,500 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവനസമുച്ചയം നിർമ്മിച്ചുനൽകിയതും ഡിജിറ്റലൈസേഷനിലൂടെ പൊതുവിതരണ കേന്ദ്രങ്ങളെ സുതാര്യമാക്കിയതും അഭിനന്ദനാർഹമാണ്. അവയവമാറ്റ ശസ്ത്രക്രിയ നടത്തിയവർക്ക് കുറഞ്ഞ നിരക്കിൽ മരുന്ന് ലഭ്യമാക്കാനുള്ള പദ്ധതി ആരംഭിക്കാനും സംസ്ഥാനത്തിന്റെ സ്വന്തം ടാക്സി സർവ്വീസായ 'കേരള സവാരി' നടപ്പിലാക്കാനും ആറ് വർഷത്തിനുള്ളിൽ രണ്ടുലക്ഷം പേർക്ക് പി.എസ്.സി. മുഖേന നിയമനം നൽകാനും 2022-ൽ സ്റ്റാർട്ടപ് മിഷന്റെ ഭാഗമായി ടെക്നോപാർക്കിൽ 1274 കോടി രൂപയുടെ വളർച്ച കൈവരിക്കാനും 25

പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും സാധിച്ചിട്ടുണ്ട്. ഗ്രാമീണ തൊഴിലുറപ്പ് മേഖലയിൽ രാജ്യത്താദ്യമായി ക്ഷേമനിധി ബോർഡ് രൂപീകരിച്ച നടപടി സ്വാഗതാർഹമാണ്. അർഹമായ ജി.എസ്.ടി. വിഹിതം നിഷേധിച്ചും കടമെടുപ്പ് പരിധി വെട്ടിക്കുറച്ചും സംസ്ഥാനത്തെ ജനക്ഷേമ പദ്ധതികൾക്ക് തുരങ്കം വയ്ക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ സമീപനം അപലപനീയമാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഭരണകക്ഷിക്കുപോലും അംഗീകരിക്കാനാകാത്ത കാര്യങ്ങളാണ് ഗവർണറുടെ പ്രസംഗത്തിലൂടെ അവതരിപ്പിച്ചിട്ടുള്ളത്. സ്വകാര്യ ഇൻഷ്വറൻസ് കമ്പനിക്ക് ലാഭമുണ്ടാക്കാനുള്ള ഒരു സംവിധാനം മാത്രമായി മെഡിസെപ് മാറിയിരിക്കുകയാണ്. ലൈഫ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കാനോ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനോ സർക്കാരിന് സാധിച്ചിട്ടില്ല. കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ വിൽക്കാൻ കേരള ഫീഡ്സ് തയ്യാറാകണം. പുനർഗേഹം പദ്ധതി ഫലപ്രദമായി നടപ്പാക്കാനും തീരദേശ മേഖലയിൽ പട്ടയം നൽകാനും ഒരു നിയോജകമണ്ഡലത്തിൽ ഒരു ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ

പരാമർശമുണ്ടാകാത്തത് ദൗർഭാഗ്യകരമാണ്.

ശ്രീ. പി. വി. ശ്രീനിജിൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമൂഹത്തിലെ വിവിധ മേഖലകളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കൃഷി, വ്യവസായം, തൊഴിൽ, സാമൂഹ്യസുരക്ഷ, പൊതുവിദ്യാഭ്യാസം, ആരോഗ്യം, ഉൾനാടൻ ജലഗതാഗതം തുടങ്ങി എല്ലാ മേഖലകളിലും പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. പട്ടയം നൽകുന്നതിനുള്ള നടപടികളും പോലീസ് സേനയെ സുസജ്ജമാക്കുന്നതിനുള്ള പദ്ധതികളും കായിക മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളും പൊതുമരാമത്ത് വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളും സംസ്ഥാനത്തെ കൂടുതൽ മികവുറ്റതാക്കുന്നതാണ്. അധികാര വികേന്ദ്രീകരണത്തിലൂടെയുള്ള പ്രാദേശിക വികസനമാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്.

ശ്രീ. ടി. ഐ. മധുസൂദനൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ആധുനിക കേരളത്തിന്റെ നിർമ്മിതി വിഭാവനം ചെയ്യുന്നതാണ് നയപ്രഖ്യാപനം. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ അറുപത് ശതമാനം കേന്ദ്രം സമാഹരിക്കുമ്പോഴും വികസന ചെലവിന്റെ നാൽപ്പത് ശതമാനം മാത്രമേ കേന്ദ്രം ഏറ്റെടുക്കുന്നുള്ളൂ. സമഗ്ര വികസന കാഴ്ചപ്പാടുകൾ ആവിഷ്കരിക്കുന്നതിനുള്ള സാമ്പത്തിക സ്രോതസ് സംസ്ഥാനങ്ങൾക്കില്ല.

സംസ്ഥാനത്തിന് ലഭിക്കുന്ന സാമ്പത്തിക സഹായം വെട്ടിക്കുറയ്ക്കുന്ന സമീപനമാണ് കേന്ദ്രം സ്വീകരിക്കുന്നത്. ജി.ഡി.പി.-യിലും നികുതി വരുമാനത്തിലും ദേശീയ ശരാശരിയേക്കാൾ വർദ്ധനവുണ്ടാക്കാനും ആളോഹരി വരുമാനം വർദ്ധിപ്പിക്കാനും സാധിച്ചത് സംസ്ഥാനത്തിന്റെ നേട്ടമാണ്. ആരോഗ്യമേഖല ഉൾപ്പെടെയുള്ള വിവിധ രംഗങ്ങളിൽ ലഭിച്ച അംഗീകാരങ്ങൾ സംസ്ഥാനത്തിന്റെ വികസനത്തെയും വളർച്ചയെയുമാണ് സൂചിപ്പിക്കുന്നത്.

ശ്രീ. ഒ. ആർ. കേളു: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ക്ഷേമപ്രവർത്തനങ്ങൾ, നവകേരള മിഷൻ, കിഫ്ബി വഴിയുള്ള അടിസ്ഥാന പശ്ചാത്തല വികസന പ്രവർത്തനങ്ങൾ ഇവയെല്ലാം ഉറപ്പുവരുത്തിക്കൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഫെഡറൽ സംവിധാനം അട്ടിമറിക്കുകയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഫണ്ടിൽ കുറവുവരുത്തുകയും ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുകയും ചെയ്യുന്ന കേന്ദ്രഗവൺമെന്റ് നടപടി പ്രതിഷേധാർഹമാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: നന്ദിപ്രമേയത്തെ എതിർക്കുന്നു. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന യുവാക്കൾ കേരളത്തിലേയ്ക്ക് മടങ്ങിവരാത്ത സ്ഥിതിയാണ് സംജാതമായിരിക്കുന്നത്. അവരുടെ സേവനം

സംസ്ഥാനത്തിന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

<u>ഡോ. സുജിത് വിജയൻ പിള്ള</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നവകേരള സൃഷ്ടിക്കായി സാമൂഹിക-സാമ്പത്തിക അന്തരീക്ഷമുൾക്കൊണ്ടുള്ള നയങ്ങളാണ് നന്ദിപ്രമേയത്തിൽ അവതരിപ്പിച്ചിട്ടുള്ളത്. എം.ജി.എൻ.ആർ.ഇ.ജി.എസ്., സാമൂഹിക സുരക്ഷ, പൊതുവിതരണം എന്നീ മേഖലകളിൽ കേന്ദ്ര വിഹിതം വെട്ടിക്കുറച്ചപ്പോൾ കാര്യക്ഷമമായ ഇടപെടൽ നടത്തിയതും നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ സാധിച്ചതും സർക്കാരിന്റെ നേട്ടമാണ്. ജനകീയ ഹോട്ടൽ, സഹകരണ ചന്തകൾ, സൗജന്യ ഭക്ഷണ കിറ്റുകൾ, റേഷൻ സംവിധാനം എന്നിവ കാര്യക്ഷമമായി നടപ്പിലാക്കിയതിലൂടെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം മുന്നിലാണ്. പൊതുവിതരണ സമ്പ്രദായം വഴി സബ്സിഡിയേതര സാധനങ്ങൾ വിൽപ്പന നടത്തിയതിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷം 665.72 കോടി രൂപയുടെ വിറ്റുവരവ് നടത്താനും അതിലൂടെ വിലക്കയറ്റം നിയന്ത്രിക്കാനും സാധിച്ചിട്ടുണ്ട്. ടൂറിസം മേഖല മികവിന്റെ മേഖലയിലേയ്ക്കുയർന്നതും വാട്ടർ സ്ട്രീറ്റ് പദ്ധതിക്ക് വേൾഡ് ട്രാവൽ മാർക്കറ്റിൽ ഉത്തരവാദിത്ത ടൂറിസത്തിനുള്ള പുരസ്കാരം ലഭിച്ചതും ഡിജിറ്റൽ സാങ്കേതിക മേഖലയിലേയ്ക്ക്

ഊന്നൽ നൽകുന്ന ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സയൻസ് പാർക്ക് ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചതും കേന്ദ്ര സർക്കാരിന്റെ മികച്ച സംരംഭക വർഷം പദ്ധതിക്കുള്ള അവാർഡ് ലഭിച്ചതും ആദിവാസികൾക്ക് 1752 ഏക്കർ ഭൂമി നൽകാൻ സാധിച്ചതും ശ്ലാഘനീയമാണ്.

ശ്രീ. മാത്യു ടി. തോമസ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നിയമസഭ പാസാക്കുന്ന നിയമങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരാതെ തടഞ്ഞുവയ്ക്കുന്നതും കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നിലപാടിനെ പ്രതിപക്ഷം എതിർക്കാത്തതും പ്രതിഷേധാർഹമാണ്. പ്രതിസന്ധികളും പ്രതികൂല സാഹചര്യങ്ങളും ജനക്ഷേമ പദ്ധതികളെ ബാധിക്കുന്നില്ലെന്നുള്ളതാണ് സർക്കാരിന്റെ നേട്ടം. ക്ഷേമ പെൻഷൻ കുടിശ്ശികയില്ലാതെ കൊടുക്കാനും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനും സാധിച്ചു. സംസ്ഥാനത്തിന്റെ ഉല്പാദനപ്രക്രിയ വർദ്ധിപ്പിച്ച് സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ മാതൃകാപരമാണ്. ജലസ്രോതസ്സുകൾ ശുദ്ധീകരിക്കുന്നതിനും സ്കൂളുകളും ആശുപത്രികളും നവീകരിക്കുന്നതിനുമുള്ള പ്രവൃത്തികൾ പൂർത്തിയാക്കണം. വൈജ്ഞാനിക സമ്പദ്ഘടനയെ പരിപോഷിപ്പിക്കാനുതകുന്ന തരത്തിൽ വിദ്യാഭ്യാസ ഘടനയിൽ മാറ്റമുണ്ടാക്കാനും വന്യജീവി ആക്രമണം തടയുന്നതിനായി

നയങ്ങളിൽ മാറ്റം വരുത്താനും തയ്യാറാകണം.

ശ്രീമതി ഒ. എസ്. അംബിക: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. വികസന പ്രവർത്തനങ്ങളെ തകർക്കാൻ സാമ്പത്തിക സമ്മർദ്ദം ഏർപ്പെടുത്തിയിട്ടും കേരളത്തിന്റെ വളർച്ചാനിരക്ക് നിലവാരം പുലർത്തിയത് സർക്കാരിന്റെ ഭരണമികവുകൊണ്ടാണ്. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനത്തിൽ 12.01% വളർച്ച കൈവരിച്ചതും 200 കോടി രൂപയുടെ സാമ്പത്തിക ഉത്തേജകപാക്കേജുകൾ പ്രഖ്യാപിക്കാനായതും ചെറുകിട യൂണിറ്റുകൾക്കായി അനുബന്ധ പാക്കേജുകൾ പ്രഖ്യാപിച്ചതും ക്ഷേമ പെൻഷൻ വിതരണം ചെയ്യാൻ 446 കോടി രൂപ വകയിരുത്താനായതും കുടുംബശ്രീ അംഗങ്ങൾക്ക് 20000 രൂപയുടെ പലിശരഹിത വായ്പ നൽകാനായതും അഭിനന്ദനാർഹമാണ്. അവശ്യ ഭക്ഷ്യവസ്തുക്കൾ ഉറപ്പാക്കാൻ 1150 കോടി രൂപയും റബ്ബർ കർഷകർക്ക് 500 കോടി രൂപയും വിതരണം ചെയ്യാൻ സാധിച്ചു. പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉൾപ്പെടുത്തി വിപുലമായ വായ്പാ പദ്ധതി നടപ്പിലാക്കുകയും തീരദേശ മേഖലയിൽ 11000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. രാജ്യത്താദ്യമായി കെ-ഫോൺ പദ്ധതി നടപ്പിലാക്കാനായതും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക്

മുൻഗണന നൽകിയതും മാതൃകാപരമാണ്. സംസ്ഥാനത്തെ ഇലക്ട്രോണിക് വ്യവസായ ഹബ്ബാക്കി മാറ്റുന്നതിനും കരകുളത്തെ കെൽട്രോൺ സെന്ററിനെ പവർ ഇലക്ട്രോണിക് ഹബ്ബാക്കി മാറ്റുന്നതിനും പ്രതിരോധമേഖലയ്ക്കാവശ്യമായ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്താനുള്ള ലാബ് സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനമാരംഭിച്ചു. തിരുവനന്തപുരം ടെക്നോസിറ്റിക്ക് 1600 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ സജ്ജമാക്കുകയും 1515 കോടി രൂപ ചെലവഴിച്ച് ടെക്നോസിറ്റി കാമ്പസിലെ 17 ഏക്കർ സ്ഥലത്ത് ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കാനുമുള്ള പദ്ധതി ആരംഭിക്കുകയും ചെയ്തു. ഐ.ടി. മേഖലയിൽ 65000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള നടപടി സ്വാഗതാർഹമാണ്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപനങ്ങൾ മാത്രമാണുള്ളത്. നാളികേര സംഭരണം എല്ലാ പഞ്ചായത്തുകളിലും വ്യാപിപ്പിക്കുമെന്നതുൾപ്പെടെയുള്ള പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ പാലിക്കാൻ തയ്യാറാകണം.

<u>ശ്രീ. ഇ. കെ. വിജയൻ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നവകേരള നിർമ്മിതി വിഭാവനം ചെയ്യുന്ന നയപ്രഖ്യാപനമാണ് നടത്തിയിരിക്കുന്നത്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും ക്ഷേമപെൻഷനുകൾ കുടിശ്ശികയില്ലാതെ വിതരണം ചെയ്യാൻ കഴിഞ്ഞതും ലൈഫ് മിഷൻ പദ്ധതിയിലെ വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചതും ലഹരി വിരുദ്ധപ്രവർത്തനങ്ങൾക്കായി പദ്ധതിയാവിഷ്കരിച്ചതും എല്ലാവർക്കും ഭക്ഷണം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ സാമൂഹ്യ അടുക്കള ആരംഭിച്ചതും 'കെ-ഫോൺ' പദ്ധതി പ്രാവർത്തികമാക്കാനായതും 'വിദ്യാകിരണം' പദ്ധതി ആവിഷ്കരിച്ചതും സർക്കാരിന്റെ സാമൂഹ്യ പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. പൊതുവിദ്യാലയങ്ങളിലെ പശ്ചാത്തലസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളാവിഷ്കരിക്കണം. പൊതുമേഖലയെ സ്വകാര്യവത്കരിക്കാനും സംസ്ഥാനങ്ങളുടെ അവകാശങ്ങളിന്മേൽ കൈകടത്താനുമുള്ള കേന്ദ്ര നീക്കത്തെ ചെറുക്കാൻ കക്ഷി-രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാവരും തയ്യാറാകണം. മാലിന്യപ്ലാന്റുകൾ സ്ഥാപിക്കുകയും ജലാശയങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ബൃഹത്തായ പദ്ധതി ആവിഷ്കരിക്കുകയും വേണം.

ഡോ. മാത്യു കുഴൽനാടൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. ദിശാബോധമില്ലാത്ത നയപ്രഖ്യാപന പ്രസംഗമാണ് നടത്തിയിരിക്കുന്നത്. പ്രീ-മെട്രിക് സ്കോളർഷിപ്പ് നിർത്തലാക്കിയതുൾപ്പെടെയുള്ള കേന്ദ്രഗവൺമെന്റ് നിലപാടുകളെ അനുകൂലിക്കുന്ന സമീപനമാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ അധികാരങ്ങൾ കവർന്നെടുക്കുന്നതുൾപ്പെടെയുള്ള കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങളെയും തീരുമാനങ്ങളെയുംകുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചിട്ടില്ലെന്ന പ്രതിപക്ഷ വിമർശനത്തിൽ യാതൊരു കഴമ്പുമില്ല. 65 ലക്ഷം പേർക്ക് തടസ്സമില്ലാതെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം ചെയ്യാൻ സർക്കാരിന് സാധിക്കുന്നുണ്ട്. വസ്തുതകൾ മറച്ചുവച്ച് കേരളം കടക്കെണിയിലാണെന്ന പ്രതിപക്ഷ പ്രചരണം അടിസ്ഥാനരഹിതമാണ്. കേരളത്തിന്റെ പ്രതിശീർഷ വരുമാനം ദേശീയ ശരാശരിയേക്കാൾ 77 ശതമാനം ഉയർന്നതാണ്. കാര്യക്ഷമമായ രീതിയിലുള്ള നികുതിപിരിവാണ് കേരളം നടത്തിക്കൊണ്ടിരിക്കുന്നത്. ലൈഫ് പദ്ധതിയിലൂടെ അർഹതപ്പെട്ട ലക്ഷക്കണക്കിനാളുകൾക്ക് വീട് നിർമ്മിച്ചുകൊടുക്കാൻ സർക്കാരിന്

സാധിച്ചിട്ടുണ്ട്.

സഭ വൈകുന്നേരം 4.26-ന് പിരിഞ്ഞു.

******